ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). വയനാട്ടിലെ ഉരുൾപൊട്ടലിൽ, മൂന്നാം ദിനമായ ഇന്നും സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം ഊർജ്ജിതം; ദുരന്തത്തിൽ മരിച്ചത് ഇരുനൂറ്റി അൻപതോളം പേർ.

In landslide hit Wayanad, Army units intensifies rescue operations on the third day today; Nearly Two hundred and fifty people died in the disaster.

2.) മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വയനാട് സന്ദർശിക്കും; ജില്ലയിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് സർവകക്ഷി യോഗം.

CM Pinarayi Vijayan to visit Wayanad today; The Chief Minister will attend the all-party meeting in Wayanad.

3.) കേരളത്തിൽ മഴ തുടരും; 10 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

Heavy rain continues in Kerala; Holiday for educational institutions in 10 districts; Fishermen warned against venturing into sea from Kerala - Lakshadweep coast.

4.) പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ വിജയക്കുതിപ്പ് തുടരുന്നു ; ബാഡ്മിൻറണിൽ ലക്ഷ്യ സെൻ, എച്ച്.എസ് പ്രണോയ്, പി.വി സിന്ധു എന്നിവർ ഇന്ന് കളത്തിലിറങ്ങും.

Indian athletes continue to shine at the Paris Olympics; In Badminton, Lakshya Sen, HS Prannoy, and PV Sindhu will complete today.

5.) വളർച്ചയും സാമ്പത്തിക ഏകീകരണവും തമ്മിലുള്ള സന്തുലിതാവസ്ഥയാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റെന്ന് ധനമന്ത്രി നിർമല സീതാരാമൻ.

Finance Minister Nirmala Sitharaman asserts Union Budget strikes fine balance between growth and financial consolidation.

===============================================

**WAYANAD GENERAL**

വയനാട്ടിലെ ഉരുൾപൊട്ടലിൽ വിവിധ സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം മൂന്നാം ദിനമായ ഇന്നും പുരോഗമിക്കുന്നു. 1,592 പേരെ ഇതിനകം രക്ഷപ്പെടുത്താൻ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. അതേസമയം ദുരന്തത്തിൽ ഇരുനൂറ്റി അൻപതോളം പേർ മരിച്ചതായാണ് വിവരം. 160 -ൽ അധികം ആളുകൾ ചികിത്സയിൽ കഴിയുകയാണ്. ഇരുനൂറോളം പേരെ ഇനിയും കണ്ടെത്താനുണ്ട്. കരസേനയും, നാവികസേനയും, ദേശീയ, സംസ്ഥാന ദുരന്തനിവാരണ സേനകളും, ഫയർഫോഴ്സും, പോലീസും, സന്നദ്ധപ്രവർത്തകരും, നാട്ടുകാരും ചേർന്നാണ് മേഖലയിൽ രക്ഷാപ്രവർത്തനം നടത്തി വരുന്നത്. ഫലപ്രദമായ തിരച്ചിലിന് ഡോഗ് സ്ക്വാഡിനെയും നിയോഗിച്ചു. മുണ്ടക്കൈയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ ബെയ്‌ലി പാലം നിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. പാലത്തിൻറെ നിർമാണം അതിവേഗം പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. ഇതിനായുള്ള യന്ത്ര സാമഗ്രികൾ പുലർച്ചയോടെ എത്തിച്ചു. മഴയും കോടമഞ്ഞും രക്ഷാദൗത്യത്തിന് വെല്ലുവിളിയാകുന്നുണ്ട്.

==================================================

**CM PRESS MEET**

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വയനാട് സന്ദർശിക്കും. വയനാട്ടിൽ ഇന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി യോഗം ചേരും. ദുരന്ത ബാധിത പ്രദേശങ്ങളായ മുണ്ടക്കൈയിലും ചൂരൽമലയിലും രക്ഷാപ്രവർത്തനം പൂർണ്ണ തോതിൽ തുടരുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. പരമാവധിയാളുകളെ സുരക്ഷിതരാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും പരിചരണവും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിലാകെ നിലവിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി എണ്ണായിരത്തിലേറെ ആളുകളാണുള്ളതെന്നും മുഖ്യമന്ത്രി അറിയിച്ചു. അഗ്നിശമന സേന, എൻ.ഡി.ആർ.എഫ്,

തീരസംരക്ഷണസേന ഉൾപ്പെടെ നിലവിൽ 1,167 പേരടങ്ങുന്ന സംഘത്തേയാണ് രക്ഷാപ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ളത്. ചികിത്സയും പരിചരണവും നൽകാൻ ആവശ്യമായ മെഡിക്കൽ ടീമിനെ സജ്ജമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

==========================================

## RAHUL GANDHI – KOZHIKODE

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് വയനാട്ടിലെത്തും. ദുരിതാശ്വാസ ക്യാംപുകളിലും ആശുപത്രികളിലും അദ്ദേഹം സന്ദർശനം നടത്തും. നിയമസഭാ സ്പീക്കർ എ.എൻ ഷംസീറും ഇന്ന് വയനാട്ടിലെത്തുന്നുണ്ട്.

==========================================

## WAYANAD– PARLIAMENT

വയനാട്ടിലെ കനത്ത മഴയും ഉരുൾപൊട്ടലും സംബന്ധിച്ച് ജൂലൈ 23, 24, 25 തീയതികളിൽ സംസ്ഥാന സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പാർലമെൻറിൽ പറഞ്ഞു. ഒൻപത് N.D.R.F സംഘങ്ങളെ മുൻകൂട്ടി കേരളത്തിലേക്ക് അയച്ചിരുന്നെന്നും സംസ്ഥാന സർക്കാർ ജാഗ്രത പുലർത്തിയിരുന്നെങ്കിൽ ദുരന്തത്തിൻറെ വ്യാപ്തി കുറയ്ക്കാമായിരുന്നെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ദുരന്തം നേരിടാൻ കേരളത്തിനുള്ള കേന്ദ്രസർക്കാരിൻറെ പിന്തുണ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. അതേസമയം, കാലാവസ്ഥാ മുന്നറിയിപ്പുകളെ സംസ്ഥാനം ഗൗരവമായാണ് കാണുന്നതെന്നും, പൊതുവായ മുന്നറിയിപ്പുകളുടെ ഭാഗമായ നടപടികൾ സംസ്ഥാനം സ്വീകരിച്ചിരുന്നതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചു. ഓറഞ്ച് ജാഗ്രതാ മുന്നറിയിപ്പാണ് മേഖലയിൽ നൽകിയിരുന്നത്. എന്നാൽ നിർദ്ദേശത്തിൽ പറയുന്നതിലും അധികം മഴ പ്രദേശത്ത് പെയ്തതായും മുഖ്യമന്ത്രി വ്യക്തമാക്കി.

==========================================

**VEENA GEORGE**

വയനാട്ടിലെ ഉരുൾപൊട്ടലും മറ്റ് ജില്ലകളിലെ ശക്തമായ മഴയും കണക്കിലെടുത്ത് പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. എലിപ്പനി സാധ്യത മുൻനിർത്തി വെള്ളത്തിലിറങ്ങുന്ന സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. എല്ലാ ആശുപത്രികളിലും അവശ്യ മരുന്നുകളും ആൻറി സ്നേക്ക് വെനവും ഉൾപ്പെടെ ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി. രക്ഷാ ദുരിതാശ്വാസ പ്രവർത്തകർ ഗ്ലൗസ്, മാസ്ക്, ബൂട്ട് മുതലായവ ധരിക്കേണ്ടതാണ്.

==============================================

**RAIN**

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അടുത്ത മണിക്കൂറുകളിൽ എല്ലാ ജില്ലകളിലും മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

==============================================

**HOLIDAYS**

മഴ അതിശക്തമായി തുടരുന്ന സാഹചര്യത്തിൽ ഇടുക്കി, പത്തനംതിട്ട, പാലക്കാട്, തൃശൂർ, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർകോട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമാണ്. കോട്ടയം ജില്ലയിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലെ അങ്കണവാടികൾക്കും പ്രൊഫഷണൽ കോളജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകിയിട്ടുണ്ട്. മുൻകൂട്ടി പ്രഖ്യാപിച്ച പരീക്ഷകളിൽ മാറ്റമില്ല.

==============================================

**PALAKKAD**

പാലക്കാട് ചുരം റോഡിൽ 20-തിലധികം ഇടത്ത് മണ്ണും മരങ്ങളും പാറകളും വീണ് നെല്ലിയാമ്പതിയിലേക്കുള്ള ഗതാഗതം പൂർണമായും തടസ്സപ്പെട്ടു. ഗതാഗതം പുനഃസ്ഥാപിക്കാനുള്ള പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ മൂലം നീരൊഴുക്ക് വർദ്ധിച്ചതിനെ തുടർന്ന് പോത്തുണ്ടി അണക്കെട്ടിൻറെ മുഴുവൻ ഷട്ടറുകളും തുറന്നു.

==============================================

**IMD**

രാജ്യത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഗുജറാത്ത് മേഖലയിലും മഹാരാഷ്ട്രയുടെ മധ്യ മേഖലയിലും ശനിയാഴ്ച വരെയും കിഴക്കൻ മധ്യപ്രദേശിൽ അടുത്ത രണ്ട് ദിവസവും കൊങ്കൺ, ഗോവ സംസ്ഥാനങ്ങളിൽ ശനിയാഴ്ച വരെയും മഴയ്ക്ക് സാധ്യതയുണ്ട്. ഡൽഹിയിൽ മഴ ശക്തമാവുകയും പലയിടങ്ങളിലും വെള്ളക്കെട്ടുകൾ രൂപപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കാനും ഡൽഹി സർക്കാർ നിർദേശം നൽകി.

==============================================

**RS-FM REPLY**

രാജ്യത്തിൻറെ വളർച്ച, ക്ഷേമം, മൂലധന നിക്ഷേപം, തൊഴിൽ, സാമ്പത്തിക ഏകീകരണം തുടങ്ങിയ മേഖലകളിലെ മികച്ച സന്തുലിതാവസ്ഥയാണ് കേന്ദ്ര ബജറ്റെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ. നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിന്റെ ചർച്ചയ്ക്ക് രാജ്യസഭയിൽ മറുപടി പറയുകയായിരുന്നു ധനമന്ത്രി. കൂട്ടായ പരിശ്രമത്തിലൂടെ എല്ലാവരുടെയും വികസനം എന്ന മുദ്രാവാക്യത്തിലാണ് കേന്ദ്ര സർക്കാർ ശ്രദ്ധയൂന്നുന്നത്. കാർഷികമേഖലയിലെ വിഹിതം വെട്ടിക്കുറച്ചെന്ന പ്രതിപക്ഷത്തിൻറെ ആരോപണം ധനമന്ത്രി തള്ളി. വിദ്യാഭ്യാസം, വൈദഗ്ധ്യം, തൊഴിൽ,

എന്നിവയ്ക്കായി 1.48 ലക്ഷം കോടി രൂപ നീക്കിവച്ചതായും ധനമന്ത്രി വ്യക്തമാക്കി.

===========================================

**OLYMPICS WIN INTRO**

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യ വിജയക്കുതിപ്പ് തുടരുന്നു. ഇന്നലെ ബാഡ്മിന്റൺ, അമ്പെയ്ത്ത്, ബോക്സിങ് തുടങ്ങിയ ഇനങ്ങളിൽ ഇന്ത്യൻ താരങ്ങൾ മികച്ച പ്രകടനം കാഴ്ച വച്ചു.

ഒളിമ്പിക്സിന്റെ കൂടുതൽ വിവരങ്ങളുമായി ആകാശവാണിക്ക് വേണ്ടി പാരീസിൽ നിന്നും വി.ശിവകുമാർ.......

**(വോയിസ്…………….)**

===========================================

**PARIS OLYMPICS**

ഒളിമ്പിക്സിൽ ഇന്ന് വനിതകളുടെ 50 കിലോ ബോക്സിങ് വിഭാഗത്തിൽ നികത് സരീൻ ഇന്നിറങ്ങും. പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻ ഇനത്തിൻറെ ഫൈനലിൽ സ്വപ്നിൽ കുശാലെ ഇന്നിറങ്ങും. ഇതേ ഇനത്തിൽ വനിതകളുടെ വിഭാഗത്തിൽ സിഫ്-ത് സമ്ര, അൻജും മൗഡ്-ഗിൽ എന്നിവർ യോഗ്യതാ റൗണ്ടിൽ മത്സരിക്കും. ബാഡ്മിൻറണിൽ ലക്ഷ്യ സെൻ, എച്ച്.എസ് പ്രണോയ്, പി.വി സിന്ധു എന്നിവരും ഇന്ന് കളത്തിലിറങ്ങും. ബാഡ്മിന്റൺ ഡബിൾസിൽ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ക്വാർട്ടർ ഫൈനലിൽ മത്സരിക്കും. ഇന്ത്യ - ബെൽജിയം ഹോക്കി മത്സരവും ഇന്ന് നടക്കും. വനിതകളുടെയും പുരുഷൻമാരുടെയും 20 കിലോമീറ്റർ നടത്ത മത്സരത്തിൻറെ ഫൈനലിൽ ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും. ടേബിൾ ടെന്നീസിൽ ശ്രീജ അകുല മത്സരിക്കും.

===========================================

## PM-ANSHUMAN GAEKWAD

ഇന്ത്യയുടെ മുൻ ക്രിക്കറ്റ് താരം അൻഷുമാൻ ഗെയ്ക്‌വാദ് അന്തരിച്ചു. 71 വയസ്സായിരുന്നു. ദീർഘകാലമായി അർബുദ ബാധിതനായി ചികിത്സയിൽ കഴിയുകയായിരുന്നു. അൻഷുമാൻ ഗെയ്ക്‌വാദിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. പ്രതിഭാധനനായ കളിക്കാരനും മികച്ച പരിശീലകനുമായിരുന്ന അൻഷുമാൻ ഗെയ്ക്‌വാദ് ക്രിക്കറ്റിന് നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ ക്രിക്കറ്റിന്റെ അഭിമാനം ഉയർത്തിയ അൻഷുമാൻ ഗെയ്ക്‌വാദിൻറെ വിയോഗത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷായും അഗാധ ദുഃഖം രേഖപ്പെടുത്തി.

=====================================================

## CRICKET: INDIA vs SRI LANKA ODI

ഇന്ത്യ - ശ്രീലങ്ക പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം. 3 മത്സരങ്ങളുള്ള ഏകദിന പരമ്പരയിലെ ആദ്യ കളി കൊളംബോയിലെ ആർ.പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചക്ക് 2:30 ആരംഭിക്കും. രണ്ടാം ഏകദിനം ഈ മാസം നാലിനും അവസാന മത്സരം ഈ മാസം ഏഴിനും നടക്കും. രോഹിത് ശർമ്മയാണ് ഇന്ത്യൻ ടീമിനെ നയിക്കുക. നേരത്തെ, സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിൽ ഇന്ത്യ 3-0 ന് ട്വന്റി-20 പരമ്പര സ്വന്തമാക്കിയിരുന്നു.

=====================================================

## UPSC

IAS ട്രെയിനി പൂജ ഖേദ്ക്കറിൻറെ പദവി റദ്ദാക്കിയതായും വരാനിരിക്കുന്ന പരീക്ഷകൾ എഴുതുന്നതിൽ നിന്ന് വിലക്കിയതായും യു.പി.എസ്. സി അറിയിച്ചു. 2022ലെ സിവിൽ സർവീസ് പരീക്ഷ ചട്ടങ്ങൾ ലംഘിച്ചതായി സ്ഥിരീകരിച്ച റെക്കോർഡുകൾ പരിശോധിച്ച ശേഷമാണ് യു. പി. എസ്. സി പ്രസ്താവന പുറത്തിറക്കിയത്. തിരിച്ചറിയൽ രേഖകളിൽ കൃത്രിമം കാണിച്ച് പരീക്ഷ എഴുതിയതിന് നേരത്തെ യു. പി. എസ്. സി പൂജയ്ക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നു. സമയബന്ധിതമായി മറുപടി അയക്കാത്ത പശ്ചാത്തലത്തിലാണ് യു. പി. എസ്. സി നടപടി.

==========================================================